# മൊഴി




GHSS VANIYAMBALAM
MALAPPURAM
vnbghss48050@gmail.com

# ഞങ്ങളുടെ സ്കൂൾ



"I am very happy to know that our little kites students are publishing a new digital magazine named "MOZHI". Wish you all success."



# പി.ടി.എ പ്രസിഡന്റ്



## എല്ലാവിധ ആശംസകളും നേരുന്നു

ജബീബ് സുക്കീർ

# ആദരാഞ്ജലികൾ



## അദ്നാൻ

# മാഗസിൻ കമ്മിറ്റി



# മുഖമൊഴി

"മൊഴി "യിൽ നിന്നും ഒഴുകിയെത്തുന്ന സർഗ്ഗശേഷിയുടെ സ്ഫുരണങ്ങൾ പ്രിയ വായനക്കാരെ ഒരു നിമിഷമെങ്കിലും പിടിച്ചു നിർത്തുമെന്നും ,മനസ്സിൽ സന്തോഷത്തിന്റെ ഒരു തിരി കൊളുത്തുമെന്നും പ്രതീക്ഷിക്കട്ടെ....നമ്മുടെ സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ ഒരുക്കിയ ഈ അക്ഷര പൂമാല നിങ്ങൾ ഏവരുടെയും മുന്നിൽ സന്തോഷത്തോടെ സമർപ്പിക്കുന്നു.

സ്റ്റാഫ് എഡിറ്റർ

അഖിലേഷ്.ഇ

**പൂർണത അവകാശപ്പെടുന്നില്ല ;സാഹിത്യ പെരുമയും.....**

**വാക്കുകളിലൂടെ ...............,**

**വരികളിലൂടെ........................,**

**വരികൾക്കിടയിലൂടെ ഒരു ചെറിയ യാത്ര.................**

**മാഗസിൻ എഡിറ്റർ**

**മിസ്ന.പി**

IX A

തെളിനീരു പോലെ ഒഴുകുന്ന മാതാപിതാക്കളുടെ സ്നേഹത്തിനു മുന്നിൽ.......

അറിവിന്റെ വാതായനങ്ങൾ തുറന്നിട്ട ഗുരുക്കന്മാരുടെ ക്ഷമക്ക് മുന്നിൽ.....

പ്രാർത്ഥനാഗീതം കാതിലെത്തുമ്പോൾ അനിർവചനീയമായി തിരിച്ചറിയുന്ന ദൈവത്തിന്റെ കരുണക്ക് മുന്നിൽ.....

തോളോട് തോൾ ചേർന്നുനിന്നു ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന പ്രിയ സുഹൃത്തുക്കളുടെ നിഷ്കളങ്കതക്ക് മുന്നിൽ....

കലാലയമുറ്റത്ത് ഞാൻ ചവിട്ടിയ മണ്‌തരികളുടെ വിനയത്തിനു മുന്നിൽ....

പൂത്തുനിൽക്കുന്ന എന്റെ പിച്ചകത്തിന്റെ നൈർമല്യത്തിന് മുന്നിൽ...

സ്നേഹത്തോടെ സമർപ്പിക്കുന്നു.....................

"മൊഴി"

# സ്കൂൾ ചരിത്രം

വണ്ടൂർ ഗ്രാമപഞ്ചായത്തിലെ വാണിയമ്പലം എന്ന ഗ്രാമത്തിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്.മതസൗഹാർദ്ദത്തിനും മാനവ ഐക്യത്തിനും കേളികേട്ട വാണിയമ്പലം ചരിത്രപരവും ഐതിഹ്യപരവുമായി പെരുമയേറുന്ന നാടാണ്.അമ്പലത്തിലെ ദേവി പ്രതിഷ്ഠയുമായി ബന്ധപ്പെട്ടാണ് വാണിയമ്പലം എന്ന നാമമുത്ഭവിച്ചിരിക്കുന്നത് എന്ന് പറയപ്പെടുന്നു. ശ്രീ ബാണാപുരം ത്രിപുര സുന്ദരി ദേവി ക്ഷേത്രത്തിലെ പ്രതിഷ്ഠ വാണി ദേവിയുടെ രൂപം ആയതിനാൽ ഈ പ്രദേശം വാണിയമ്പലം എന്ന പേരിൽ അറിയപ്പെടുന്നു.പ്രസിദ്ധമായ ബാണാസുര യുദ്ധത്തിൽ ബാണാസുരൻ വധിക്കപ്പെട്ടത് വാണിയമ്പലം പാറയിൽ വയ്യാണെന്നാണ് ഐതിഹ്യം .പ്രസിദ്ധമായ വാണിയമ്പലം പാറ ,പുരാതനമായ അമ്പലം ,ചരിത്രമുറങ്ങുന്ന വാണിയമ്പലം വലിയ ജുമാ മസ്ജിദ് ,ക്രിസ്റ്റിയ ദേവാലയം, പൈതൃക പാതയിലെ വാണിയമ്പലം റെയിൽവേ സ്റ്റേഷൻ തുടങ്ങിയവ ഈ പ്രദേശത്തിന്റെ ഖ്യാതി വർധിപ്പിക്കുന്നു.വാണിയമ്പലം ഗവർമെന്റ് ഹയർ സെക്കന്ററി സ്ക്കൂൾതുടക്കത്തിൽ ഒരു ലോവർ പ്രൈമറി സ്ക്കൂളായി 1929 ൽ തുടങ്ങി. 1957 ൽ ഇത് ഒരു അപ്പർ പ്രൈമറി സ്ക്കൂളായി ഉയർത്തി.1957 ൽ യു പി ആക്കി ഉയർത്തിയ ഈ വിദ്യാലയം 1980 വരെ മേലേ സ്ക്കൂൾ ,താഴെ സ്ക്കൂൾ എന്നിങ്ങനെ രണ്ടായിട്ടാണ് സ്ഥിതിചെയ്തിരുന്നത്.1980 ൽ ഹൈസ്ക്കൂളായും 2004 ൽ ഹയർ സെക്കന്ററിയായും ഇത് ഉയർത്തപ്പെട്ടു.ഇതിനു ആവശ്യമായ സാഹചര്യങ്ങളെല്ലാം ഒരുക്കി തന്നത് രക്ഷിതാക്കൾ,നാട്ടുകാർ,പൂർവ വിദ്യാർഥികൾ,ക്ലബ്ബുകൾ മുതലായവയായിരുന്നു .ഹൈസ്ക്കൂൾ ,യു പി വിഭാഗങ്ങൾ വാണിയമ്പലം റെയിൽവേ സ്റ്റേഷനു സമീപമുള്ള പഴയ മേലേ സ്ക്കൂളിലും ,ഹയർ സെക്കന്ററി വിഭാഗം അങ്ങാടിയിൽ ഗ്രൗണ്ടിന് സമീപത്തുമായിട്ടാണ് സ്ഥിതി ചെയ്യുന്നത്. 1982 ൽ S S L C പ്രാഥമിക ബാച്ച് പുറത്തിറങ്ങി. ഈ സ്ക്കൂളിൽ 5,6,7,8,9,10 ക്ളാസുകളിലായി 45 ഡിവിഷനുകളുണ്ട്. 2004 ൽ തുടങ്ങിയ HSS ൽ Humanities,Commerce,Science എന്നീ വിഭാഗങ്ങളിലായി ഓരോ ബാച്ചുകൾ ഉണ്ട്.

ഹൈസ്ക്കൂൾ ,ഹയർ സെക്കണ്ടറി വെവ്വേറെ വിഭാഗങ്ങളായി പ്രവർത്തിക്കുന്നു.അഞ്ചാം ക്ലാസ് മുതൽ ഹയർ സെക്കന്ററി വരെ രണ്ടായിരത്തോളം കുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനത്തിൽ 85 ഓളം അധ്യാപകരും 7 ഓഫീസ് സ്റ്റാഫുമുണ്ട്. 5 മുതൽ 10 വരെയുള്ള വിഭാഗത്തിൽ ഏകദേശം 45 ക്ലാസ് റൂമുകളും ഹയർ സെക്കന്ററി വിഭാഗത്തിൽ പതിനഞ്ചോളം ക്ലാസ്റൂമുകളുമുണ്ട് .ഹൈസ്ക്കൂൾ വിഭാഗത്തിൽ 2 ഐ ടി ലാബുകളിലായി 25 കംപ്യൂട്ടറുകളുണ്ട് .സുസജ്ജമായ ഒരു സയൻസ് ലാബും ഏകദേശം 1500 നു മുകളിൽ പുസ്തക ശേഖരമുള്ള ഒരു ലൈബ്രറിയും സ്ക്കൂളിലുണ്ട്.8 ,9 ,10 പ്രവർത്തിക്കുന്ന എല്ലാ റൂമുകളും ഹൈടെക് ക്ലാസ്റൂമുകളായി സജ്ജീകരിച്ചിരിക്കുന്നു.

## സ്കൂളിലേക്കുള്ള വഴി

മലപ്പുറത്തുനിന്നു മഞ്ചേരി എത്തുക. വണ്ടൂർ കാളികാവ് റൂട്ടിൽ ഓടുന്ന ബസ്സിൽ വാണിയമ്പലത്ത് ഇറങ്ങുക..100 മീറ്റർ തെക്കോട്ട് നടന്നാൽസ്ക്കൂളിൽ എത്താം.

ഷൊർണൂർ നിലമ്പൂർ റൂട്ടിൽ ഓടുന്ന ട്രെയിനിൽ കയറി വാണിയമ്പലം സ്റ്റേഷനിൽ ഇറങ്ങുക.100 മീറ്റർ കിഴക്കായി സ്ക്കൂൾ സ്ഥിതി ചെയ്യുന്നു .

# പാഠ്യേതര പ്രവർത്തനങ്ങൾ

- സ്കൗട്ട്

ക്ലാസ് മാഗസിൻ

വിദ്യാരംഗം കലാ സാഹിത്യ വേദി

ലിറ്റിൽകൈറ്റ്സ്

നല്ലപാഠം

സീഡ് ക്ലബ്ബ്

ജൂനിയർ റെഡ് ക്രോസ്

അറബിക് ക്ലബ്ബ്

സയൻസ് ക്ലബ്

# സ്കൂളിന്റെ അഭിമാനതാരങ്ങൾ



## പ്രകൃതിയുടെ കോപം

നിശ്ചലമായ ഭൂമിയിൽ
കിതയ്ക്കുന്ന മനുഷ്യർ
മൃഗങ്ങളുടെ അറിയിപ്പുകൾ
ശബ്ദകോലാഹലങ്ങൾ പടരുന്ന
പ്രകൃതി കോപിതയായി
ഇടിമുഴക്കാൻ  വെമ്പുന്ന ആകാശം
നിലവിളികൾ ഉയരുന്ന ഗൃഹങ്ങൾ കൽ
കാൽപ്പാടുകൾ പതിയാത്ത നിലങ്ങൾ
ഒഴുകുകയായി പ്രാണൻ.....
ക്ഷേത്രങ്ങളിലും നിലവിളികൾ ഉയരുന്ന
ദൈവങ്ങൾ വഴിതെറ്റി സഞ്ചരിക്കുന്ന
ക്രൂരതയുടെ നാട് ബഹിഷ്കരണ ആരംഭം
പ്രകൃതിയിലെ മനുഷ്യ  മൃഗാദികളുടെ
നാശത്തിന്റെ ആരംഭം ..
കുറ്റങ്ങളുടെ കുഴികൾ മാന്തി എടുത്ത്
പ്രകൃതിയുടെ കോപം നിശബ്ദമായി .
ഏറ്റുവാങ്ങുന്ന മക്കൾ
ജീവിതത്തിന്റെ ഒരു പോരാട്ടമാണിത്
ഇടിനാദത്തേക്കാൾ മനുഷ്യരുടെ
നെഞ്ചിടിപ്പിന്റെ പേടിശബ്ദം ഉയരുന്നു .
ലോകത്തിന്റെ പ്രകൃതീയുടെ
അവസാനമാണോ ഇത് .....??

shibira .c
8E

# ഇടവം മിഥുനം കർക്കിടകം

മാരിക്കാവുകൾ മാനം നിറയും
ഇടവം മിഥുനം കർക്കിടകം
വാർമഴവില്ലിൻ കാവടിയേന്തും
ഇടവം മിഥുനം കർക്കിടകം
പച്ചവിരിപ്പുകൾ പാരിന്നു നൽകും
ഇടവം മിഥുനം കർക്കിടകം
തോടും പുഴയും കരയെ പുൽകും
ഇടവം മിഥുനം കർക്കിടകം
ഇടവഴിയെല്ലാം തോടായ് മാറും
ഇടവം മിഥുനം കർക്കിടകം

AFLAH.V.T
6D

## എന്റെ കഥ

സ്ക്രൂൾ ജീവിതം ഒരു ലഹരിയായിരുന്നു. .....പഠിക്കാനാണു എന്നെ എന്റെ മാതാപിതാക്കൾ സ്ക്രൂളിൽ ചേർത്തത് ....പക്ഷെ ഞാൻ പഠിച്ചത് പാഠപുസ്തകത്തിലെ തലയിൽ കയറാത്ത പാഠങ്ങളെയല്ല ....സൗഹൃദം എന്തെന്നും പ്രണയം എന്തെന്നുമൊക്കെ ആയിരുന്നു... ഇപ്പൊ ഈ സ്ക്രൂളിന്റെ പടിവാതിൽ വിട്ടിറങ്ങുമ്പോൾ മനസ് വല്ലാതെ നോവുന്നുണ്ട്...... ജീവിതത്തിൽ ഉണ്ടായ ദുരനുഭവങ്ങൾ മറന്നു കളഞ്ഞേക്കുക ..
എന്നാൽ
ആ അനുഭവങ്ങളിൽ കൂടി നിങ്ങൾ പഠിച്ച പാഠങ്ങൾ മറക്കരുത് .
സ്ക്രൂളുകളൊക്കെ കോൺക്രീറ്റ് കൊട്ടാരങ്ങളാക്കിയെങ്കിലും ഓർമകൾക്കിന്നും ആ പഴയ ഓടിട്ട ചന്തമാണ് ..
ക്ലാസ്സിൽ ബോറടിച്ചിരിക്കുമ്പോൾ ഇങ്ങനെ ബുക്കിൽ പടം വരയ്ക്കുന്ന എത്ര പേരുണ്ട് ????
ഉറങ്ങിത്തീർത്ത ക്ലാസ്സ്മുറികൾ ഓർമ വരുന്നു .കൊത്തുപണികൾ പഠിച്ച ഡെസ്കുകൾ.... ഓർമകൾ
നടന്നു നടന്നു മതിവരാത്ത വരാന്തകൾ ഓർമ വരുന്നു .പക്ഷെ.....
ക്ലാസ്സിൽ പഠിപ്പിച്ചത് മാത്രം ഓർമയിൽ വരുന്നില്ല.ലോകത്തു ഏത് സ്ക്രൂളിൽ പോയാലും സ്വന്തം സ്വഭാവത്തിന് പറ്റിയ ഒരു ചങ്ങാതി ഉണ്ടാകും.സ്ക്രൂൾ ജീവിതം .....എന്തിനും ഏതിനും കൂടെ നിൽക്കുന്ന കട്ട ചങ്ക്സ് ..
ഒരു പിടി നല്ല ഓർമ്മകൾ .
വീതം വച്ചു കഴിക്കുന്ന മിട്ടായികൾ ..ക്ലാസ്സിലെ ബെഞ്ചിലെ കളികൾ.ശ്മശാന മൂകതയിൽ എക്സാം ഹാൾ .ക്ലാസ് ടൈമിൽ പറഞ്ഞ തീർത്ത ഒരു ലോഡ് ബഡായികൾ
അല്ലേലും ഇല്ലാത്ത കാര്യങ്ങൾ ഉണ്ടാക്കി കളിയാക്കാൻ കൂട്ടുകാർക്ക് ഒരു പ്രത്യേക കഴിവാ ......


shibin.v.p
10E

## *നിങ്ങൾക്കറിയാമോ?*

* തിളച്ചുകൊണ്ടിരിക്കുന്ന വെള്ളത്തേക്കാൾ ചൂട് തിളയ്ക്കുന്നതിനു മുൻപുള്ള  വെള്ളത്തിനായിരിക്കും.
* മനുഷ്യർ  മാത്രമല്ല മൃഗങ്ങളും സ്വപ്നം കാണാറുണ്ട്.
* യേശുവിന്റെ അവസാനത്തെ അത്താഴത്തിൽ 13 പേർ പങ്കെടുത്തത് മൂലമാണ് 13 എന്ന സംഖ്യ നിർഭാഗ്യ സംഖ്യയായി പരിഗണിക്കാൻ തുടങ്ങിയത് .
 60 വർഷം ജീവിക്കുന്ന ഒരാൾ 4 വർഷമെങ്കിലും സ്വപ്നം കാണാറുണ്ട് .
*കാലിഫോർണിയയിൽ നാലായിരത്തിലധികം വർഷങ്ങള്പ്രായമുള്ള മരങ്ങളുണ്ട്.
* ലൂയി പതിനാലാമൻ ആകെ 3 പ്രാവശ്യം മാത്രമേ കുളിച്ചിട്ടുള്ളൂ .അവ സ്വന്ത ഇഷ്ടപ്രകാരം ആയിരുന്നില്ല.
* മോണോലിസയുടെ ചിത്രത്തിനു ഏകദേശം 80 കോടി രൂപ വിലമതിക്കുന്നു.
* ഒരേ പോലെയുള്ള വരകളുള്ള 2 സീബ്രാകൾ ഇല്ല .
* ഒരു പുള്ളിപ്പുലിക്ക് തിരുവനന്തപുരത്തു നിന്ന് കണ്ണൂരെത്താൻ 5 മണിക്കൂർ സമയം മതിയത്രെ .എക്സ്പ്രസ്സ് ട്രെയിനിനു  10 മണിക്കൂർ സമയമെങ്കിലും വേണം.
* ഉപ്പ് ഒരുകാലത്തു വളരെ വിലപിടിപ്പുള്ള ഒരു വസ്തുവായിരുന്നു .ഉദ്യോഗസ്ഥർക്ക് ശമ്പളമായി നൽകിയിരുന്നത് ഉപ്പായിരുന്നു.ശമ്പളത്തിനുള്ള വാക്കായ സാലറി ഉപ്പ് എന്നർത്ഥമുള്ള വക്കിൽ നിന്നുണ്ടായതാണ്.

# സ്കൂൾ ടൂർ







# WATER AND HUMAN BODY

We cannot live without water. In some organisms,up to 90%of their body weight comes from water. The human body also contains a lot of water. about 60%of human body is water.

10 GOOD REASONS TO DRINK WATER

1) It reduces your risk of heart attack.

2) Dehydration can cause impaired concentration headaches and farigue.

3) Water can prevent kidney stones and reduce your chances of bladder infections,kidney and urinary tract infections.

4) It helps to control body temperature and to sweat you need plenty of water.

5) Water makes up a large part of the fluid that lubricates and cushions your joints and muscles.

6) Water helps to avoid constipation.

7) Water helps you get better when you are ill by helping control a fever replacing lost fluids and thinning of mucas.

8)Water moisturises your skin from inside and helps your skin maintain its elasticity and suppleness.

9) By helping to flush toxins , appropriate water intake lesses the burden on your kidneys and liver.

10)Water will keep your body system,including metabolism and digestion working properly and give you the energy necessary for exercise.

# STAFF PHOTO 2018-19



## FAMOUS PEN NAMES

Action Bell................................Anne Bronte

Ander aurois...........................Emile Herzog

Boz..........................................Charle Dickens

George Eliot...............................Emily Bronte

George Orwell..................Mary ann Evans

Mark westmacott.................Agatha Christe

Mark Twain.........................Samuel langhone

O.Henry......................William sydeny porter

Saki...................................Hector hugh munro

Voltaire........................Francis- Marie Arouet

# ശാസ്ത്ര മേള











# കൈത്താങ്ങ്




ഭക്ഷ്യമേള
GHSS Vaniyambalam
FOOD FEST 2018

# TONGUE TWISTERS

1) Granny's grey goose gobbled golden grain in graham's gabled gallery.
2)The crazy cocroach crowned the croocked cricket.
3)Two loads totally tired trying to troat  to Tidsbrury.
4) The sick sixth sheik's sixth sheepnis sick.
5)The sun shine on the shop signs.
6)She says she shall sew a sheet.
7)Tie twine to three tree twigs.
8)A selfish shellfish smelt a stable fish.

-Nihal.pc
9G

# Little KITES



# കുഞ്ഞിപൂമ്പാറ്റ

പൂവുകൾ തോറും പാറിനടക്കും പൂമ്പാറ്റേ,
കുഞ്ഞിചിറകുള്ള പൂമ്പാറ്റേ
തേൻനുകരുന്ന പൂമ്പാറ്റേ
കുഞ്ഞിചിറകുള്ള പൂമ്പാറ്റേ എന്റെ കൂടെ വന്നാൽ
തേൻ തരാലോ
പൂവുകൾ തോറും പാറി തേൻനുകരുന്ന പൂമ്പാറ്റേ

അദിയ-കെ
7-E

# ഞങ്ങളുടെ വിനോദയാത്ര

ഏറെ കാത്തിരിപ്പിനും സ്വപ്നങ്ങൾക്കും വിരാമമിട്ടു കൊണ്ടാണ് ഞങ്ങളുടെ മൈസൂർ - കൊടക് പഠനയാത്രയുടെ ആദ്യ ദിനം വന്നെത്തി. പുലർച്ചെ 4 മണിയായപ്പോഴേക്കും ഞങ്ങളെല്ലാം വാണിയമ്പലത്തെത്തിച്ചേർന്നിരുന്നു. അക്ഷമരായി നിന്ന ഞങ്ങൾക്കിടയിലേക്ക് ദീപപ്രകാശം പോലെ ബസ് വന്നടുത്തു. സാറുമാരെല്ലാം കുട്ടികളെ ക്രമീകരിക്കുന്ന തിരക്കിലായിരുന്നു. ഞങ്ങൾ മൂന്നുബസിലേക്കുള്ള കുട്ടികൾ ഉണ്ടായിരുന്നു. അത് കൊണ്ടുതന്നെ കുട്ടികളെ മാനേജ് ചെയ്യാൻ ബുദ്ധിമുട്ടായിരുന്നു. ഞങ്ങൾക്ക് ഒന്നാമത്തെ ബസിലാണ് സീറ്റ് ലഭിച്ചത്. എല്ലാവരും വളരെ സന്തോഷത്തോടെയും ആഹ്ലാദത്തോടെയും ബസിലേക്ക് കേറി . കൃത്യം നാലു മണിക്കു തന്നെ ബസ് പുറപ്പട്ടു . ബസിൽ ആനന്ദിച്ചുല്ലസിച്ചു കൊണ്ടുതന്നെ നേരം വെളുത്തതും നാടുകാണി ചുരം പിന്നിട്ടതും ഞങ്ങളറിഞ്ഞതേയില്ല. റോഡിന്റെ ഇരു വശങ്ങളാലും കാടുകളാൽ മൂടപ്പെട്ട പാതയിലൂടെ ഞങ്ങൾ യാത്ര തുടർന്നു . ബന്ദിപ്പൂർ, മസനഗുഡി ഫോറസ്റ്റ് വഴി ഞങ്ങൾ മൈസൂരിലേക്ക് യാത്ര ചെയ്തു . അത്യപൂർവ്വ വൃക്ഷങ്ങളുടെയും ചെടികളുടെയും പക്ഷി മൃഗാതികളുടെയും വാസസ്ഥലമായിരുന്നു ഈ പാതയുടെ ചുറ്റും . ഞങ്ങൾക്ക് ധാരാളം വന്യ മൃഗങ്ങളെ കാണാൻ സാധിച്ചു. ഏകദേശം ഒമ്പത് മണിയായപ്പൊഴേക്കും ചായകുടിക്കാൻ കയറി. ചായകുടി കഴിഞ്ഞ് ആദ്യം പോയത് ഒരു പക്ഷി സങ്കേതത്തിലേക്കാണ്. അവിടെ ആയിരക്കണക്കിന് വ്യത്യസ്ത ഇനങ്ങളായ പക്ഷികളെ കാണാൻ സാധിച്ചു. പിന്നീട് ഞങ്ങൾ പോയത് മൈസൂരിലെ പേരുയർത്തിക്കാണിച്ച പാലസിലേക്കാണ്. അവിടെ അവിടെ ധാരാളംചിത്രങ്ങളും പുരാതന വസ്തുക്കളും കാണാൻ സാധിച്ചു. പിന്നെ ഉച്ചഭക്ഷണത്തിനുള്ള സമയമായിരുന്നു. ഭക്ഷണത്തിന് ശേഷം യാത്ര തുടർന്നു. പിന്നീട് ഞങ്ങൾ പോയത് ടിപ്പു സുൽത്താനെ അടക്കം ചെയ്തിട്ടുള്ള സ്ഥലത്തേക്കാണ്. അന്ന് ടിപ്പുവിന്റെ ജന്മദിനമായത് കാരണം അവിടെ കുറെ പരിപാടികളുണ്ടായിരുന്നു. പിന്നെ പോയത് വേനൽക്കാലത്ത് ടിപ്പു താമസിച്ചിരുന്ന സമ്മർ പാലസിലേക്കാണ്.

അവിടെ ധാരാളം പുരാവസ്തുക്കളും ചിത്രങ്ങളും കാണാൻ സാധിച്ചു. പിന്നീട് ഞങ്ങൾ ആദ്യ ദിനത്തിലെ അവസാന പര്യടനത്തിലേക്കാണ് പോയത്. മൈസൂരിലെ ഏറ്റവും പ്രസിദ്ധമായ ബൃന്ദാവൻ ഗാർഡനിലേക്കാണ്. പതിനായിരക്കണക്കിന് ആളുകൾ തിങ്ങിനിറഞ്ഞിരുന്നു. അതിനാൽ കൃത്യ മായ ഗൈഡോടു കൂടിയായിരുന്നു ഞങ്ങൾ ഗാർഡൻ സന്ദർശിച്ചത്. ഗാർഡനിൽ സുപ്രസിദ്ധമായ വാട്ടർ ഡാൻസും വ്യത്യസ്തമാക്കി.പിന്നീട് നേരെ റൂമെടുത്ത് അന്തിയുറങ്ങാൻ പോയി.

വ്യത്യസ്തമായ തെരുവിൻറ അമ്പരപ്പുണ്ടെങ്കിലും ഞങ്ങളെല്ലാവരും പെട്ടെന്നെഴുന്നേറ്റ് ടൂറിൻെറ രണ്ടാം ദിനത്തിലേക്ക് പ്രവേശിച്ചു.ആദ്യം ഞങ്ങൾ പോയത് ഞങ്ങളുടെ റൂമിനടുത്തുള്ള ക്രിസ്റ്റൻ പള്ളിയിലേക്കാണ്.പള്ളിയിൽ കുർബാന നടക്കുന്നതിനാൽ അകത്തേക്ക് പ്രവേശിക്കാൻ സാധിച്ചില്ല.പിന്നീട് ഞങ്ങൾ പോയത് മൈസൂർ മൃഗശാല യിലേക്കാണ്.പറഞ്ഞ് കേട്ടഅറിവിനനുസരിച്ച പോയ ഞങ്ങൾക്ക് വ്യത്യസ്തമായിരുന്നു മൃഗശാല.അവിടെ അത്യപൂർവ്വം പക്ഷികളെയും സിംഹത്തെപോലെയുള്ള വന്യ മൃഗങ്ങളെയും കാണാൻ സാധിച്ചു. സമയത്തിൻെറഅപര്യാപ്തത മൂലം കുറച്ച് വസ്തുക്കളെ ഞങ്ങൾക്ക് കാണാൻ സാധിച്ചില്ല.

പിന്നീട് ഞങ്ങൾ പോയത് കൊട്ടകിലേക്കാണ്. മൈസൂരിൽ നിന്ന് മൂന്ന് മണിക്കൂർ യാത്ര ചെയ്താൽ കൊട്ടകിൽ എത്താം. കൊട്ടകിൽ ആദ്യം പോയത് ബുദ്ധന്മാരുടെ ഗോൾഡൻ ടെമ്പിളിലേക്കാണ്. അവിടെ ശ്രീബുദ്ധൻെറയും ശിശ്യരുടെയും സുവർണ ബിംബം കാണാൻ സാധിച്ചു.പിന്നീട് പോയത് ബാംബു വില്ലേജിലേക്കാണ്.മനോഹരമായ വൃക്ഷങ്ങളും ഒഴുകുന്നനദിയും മാനുകളും ബാംബൂവില്ലേജിനെ വ്യത്യസ്തമാക്കി . ധാരാളം കച്ചവടക്കാരെയും അവിടെ കാണാൻ കഴിഞ്ഞു.മൈസൂരിൽതന്നെ ആദ്യം ഞങ്ങൾ ചാമുണ്ഡേശ്വരി ക്ഷേത്രത്തിൽ പോയി.അവിടെയായിരുന്നു ഞങ്ങളുടെ പർച്ചഴ്സിങ് സ്പോർട്ട്.ടൂറിലെ അവസാന ഇനമായ DJ പാർട്ടിയും കഴിഞ്ഞപോലെ ഈ വർഷത്തെ പഠനയാത്രക്ക് വിരാമമായി.

തിരിച്ചു പോരുമ്പോൾ മുഴുവനും യാത്രയെക്കുറിച്ചുള്ള ഓർമകളായിരുന്നു. പുലർച്ചെ **5:15** ന് ഞങ്ങൾ തിരിച്ച് വാണിയമ്പലത്ത് എത്തിച്ചർന്നു. വളരെ അനുഭവങ്ങളും നർമങ്ങളും നിറഞ്ഞ യാത്രയായിരുന്നന്നു ഞങ്ങളുടേത്.

**HISHAM .P**

**x G**

# *Journey*



We are are the children
of the earth
We live in the earth  as
a traveller
But we can't know
when
This journey is stopped
Yet we are not worry
About our life
And not fear about our
death

**-Silna Sidhique**

# പൂമ്പാറ്റ

പാറി പാറി പറക്കുന്ന പൂമ്പാറ്റേ
മാടി മാടി വിളിക്കുന്നു നിന്നേ ഞാൻ
ചാടി ചാടി ഇരിക്കുന്ന ചില്ലകളിൽ
മോടിയോടെ അണിയിച്ചതാരു നിന്നെ
കുപ്പിവളയും കുഞ്ഞുടുപ്പും വാങ്ങിതരാം
ഒന്നു മുതൽ പത്തു വരെ ചൊല്ലി തരാം
പോം പോം മൂളുന്ന പീപ്പി തരാം
പോവരുത് പോവരുത് പൂമ്പാറ്റേ
എന്നെ വിട്ട് പോവരുത് പൂമ്പാറ്റേ

ശ്വേത

# Still We Rise

I have got the children to tend
The clothes to mend
The floor to mop
The food to shop

Then the chicken to fry
The baby to dry
I got company to feed
The garden to feed
The garden to weed

I have got shirt to press
the tots to dress
The can to be cut
I got clean up this hut
Then see about the sick
And the cotton to pick

**-Nishmal.P**
6-D

# നല്ല പാഠം













# മിന്നുവിന്റെ തോട്ടം

മിന്നുവിനുണ്ടൊരു പൂന്തോട്ടം
പൂക്കൾ നിറഞ്ഞൊരു പൂന്തോട്ടം
ചോന്നുതുടുത്തൊരു മുല്ലപ്പൂ
വെളുത്തൊരു മുല്ലപ്പൂ
തിങ്ങിനിറഞ്ഞൊരു പൂന്തോട്ടം
ആഹാ കാണാനെന്തുരസം

പൂന്തേനുണ്ണാൻ വരവായി
പൂമ്പാറ്റകളും തേനീച്ചേം
കുഞ്ഞിക്കിളിയും കുട്ടികളും
മൂളിപ്പായും കരിവണ്ടും
പാറിനടക്കും പൂന്തോട്ടം
ആഹാ! കാണാനെന്തുരസം

-അക്ഷയ.എൻ



# The Life

Life is a game
In which you should have a aim
The path that you choose
Can make you win or lose
Try,try and try,
There might to be failure,
But don't cry
Dream the impossible
And achieve the incredible
Remember,
Hard work and determination
Leads you to your destination

*-Silna sidhique.*

# പുൽക്കൊടി

പുലരുന്നനേരത്തു നീയെന്നെ നോക്കി
കുഞ്ഞുനാണത്തിൽ മൊഴിഞ്ഞതെന്തെ
പുലർക്കാറ്റുവീശിനിൻ കണ്ണുനീർത്തുള്ളി
ഭൂമിയിൽ വീണതറിഞ്ഞുവെന്നോ
സായന്തനത്തിൽ നീ എന്റെ മുന്നിൽ
വന്നെത്രമേൽ സന്തോഷത്തോടെ നിന്നു
കുഞ്ഞുദു:ഖത്തിൽ ചിറകിലേറി
കൊഴിയേണ്ടതല്ല നിൻ കുഞ്ഞുബാല്യം
ഇറ്റുവീഴും മഞ്ഞുതുള്ളിയോടെന്തിനാണ്
ഇത്രമേൽ തോന്നുന്നൊരാത്മബന്ധം
പച്ചയാം ജീവിത തുണ്ടുകളിൽനിന്ന്
ജീവിതം കണ്ടുപഠിക്കുക നീ
ഇതുപോലൊരു ദിനം മണ്ണിന്റെ മാറിൽ
കൊഴിയേണ്ടതല്ലേ നമ്മളെല്ലാം
ഉണരുന്ന പുലരികളിലെല്ലാം വിരിയട്ടെ
സന്തോഷത്തിന്റെ നറുങ്ങുവെട്ടം



-അമൃതവർഷിണി.കെ 8.D

# Bat

The birds challenged the four footed animals to a great ball play .It was agreed that all creatures which had teeth should be on one side and all these which had wings should go on other side all the birds the boy was fixed and all arranged ,the poles were erected and the balls were bought .

When the creatures came,all those which had teeth went on one side and the birds on the other .at last the bat come. He joined the animals having teeth, but they said “no,you have wings you must go with birds”

He went to the birds and they said “no you have teeth,you must go with the the animals”.So they drove him away , saying “you are so little you could do no good”.

He went to the animals and begged that they would permit him yo play with them. They finally said “you are too small to help us,you have teeth ,we will let you remain on our side.”The game began and it soon appeared that the birds were winning, as they could catch the ball.

-Rashida

## THE THREE LITTLE PIGS $ THE BIG BAD WOLF

Once upon a time there was a Mama pig and there little pigs one day Mama pig said to them "you are old enough to build your own houses".The first pig built a house of straw can't come and catch me and eat me. The second pig built his house with sticks strong than the first pigs house. He said... "Now the wolf can't come and catch me and eat me". The third pig built his house with birds. Stronger than the second pigs house. He said "Now the wolf can't come and catch me and eat me".Next day the wolf come to the house made of straw. The wolf knocked at the door and said "little pig let me come in. I will not let you to come in".Then I will huff and puff and blow your house away said the wolf so he huffed and puffed.

*The house of straw tell down and the wolf ate up the fist little pig. Next day the wolf came to the house made of sticks. He knocked at the door and said "little pig, little pig let me come in . "I will not let you come in" said the little pig. Then I will huff and puff and blow your house away. Said the wolf so he huffed and puffed and blow the house away and the wolf ate up the second little pig.*

*Next day the wolf came to the house made of bricks "little pig, little piglet me come in' I will not let you come in" said the little pig. Then I will huff and puff and blow your house away said the wolf. The big bad wolf tried to huff and puff blow the house down. But he couldn't.*

*He kept trying for house but the house was very stronger. He tried to enter though the chimney. The wolf fall down into it and died.*

- Suhaila
8 H

# ARTS AND SPORTS


















# FILM REVIEW

## Thondimuthalum Driksakshiyum

*The film is populated with strugglers, all of their actions led by the sole intention of staying afloat. Every passing sequence only confirms what you have been told right from the start. The film does not provide that comfort of the familiar ,although there is a culprit,a victim and a police man who oscillate between kindness and cruelty.*

*Here is a couple ,Prasad [suraj venjaramodu] and sreeja [Nimisha sajavan] struggling to start their home following their inter caste marriage.During the bus journey ,a thief [Fahad Fasil] steals her gold chain , which they were planning to sell out of desperation.But, from the timethe victim and culprit reach the police station , where much of the film is set,the lines blur and the audience are caught in dilemma.*

*Even by the end of the film ,we don't know his back ground other than the fact that he lost his odd jobs due to lack of an identity.*

***The police men, especially constable Chandran who resorts to torture and other unfair means to nail the culprit is also shown to be driven by desperation to save his job than anything else.***

***In more ways than one Thondimuthalum Driksakshiyum is a companion piece to that first film, which was a revenge drama shown of all hatred, and filled with humour. It becomes a call against easy judgement in an era of mob justice and summary execation. It becomes a call for peace, love and understanding.The judgement always defeat peoples. But here the man defeats the judgement.***



*We may feel some imperfection when we leave the theatre. But if we think deeply we will understand that they have said each and everything in these four days.*

**-Shabna sherin.k.k**

**9-G**



# مناظر القرية

طلوع جاذبة

زهور باسمة

حقول واسعة

عيون جارية

نبات كاثفة

نسيم باردة

جبال شامخة

ليال ساكتة

نهار ناشطة

فراش طئرة

زروع خاضرة

مياه صافية

ثمار ناضجة

طيور غاردة

هواءِ طاهرة

حياة هادئة

# كيرالا في الغرق

نبني بأيدينا

كيرالا بلدتنا

اهلا لهمتكم
من غرق أنجانا
نعما لخدمتكم

انظر إلى الأفراد
زين بالأخلاق
هذه مزية بلدتنا

نحن الآخوان نعرف

# قوة وحدة بين الانام

مسجد ملجئنا اليوم
كنيستنا والهيكل

لو لون الانسان مختلفة
نسكن حبا وحدانا

صعوبة نقهر جما
نجمع لاموال دوما
نجدد كيرالا قدوتها
أبذل الجهود يا إخوان

**-NIYAS CHULLIKKADAN**
**H S A ARABIC**

# മഴവിൽ സമ്മാനം

ഒരിടത്തൊരിടത്ത് മിടുക്കിയായ ഒരു കുട്ടിയുണ്ടായിരുന്നു. കിങ്ങിണി എന്നായിരുന്നു അവളുടെ പേര്.വീടിന്റെയും, പൂച്ചയുടെയും,മരങ്ങളുടെയും,മലകളുടെയുമൊക്കെ ചിത്രങ്ങൾ വരച്ച് നിറം കൊടുക്കാൻ കിങ്ങിണിക്ക് വലിയ ഇഷ്ടമായിരുന്നു. ഒരു ദിവസം കിങ്ങിണി വീടിന്റെ മുറ്റത്ത് നിൽക്കുമ്പോൾ ആകാശത്ത് ഒരു മഴവില്ല് കണ്ടു."ഹയ്യട...! ഏഴുനിറമുള്ള മഴവില്ല് കാണാൻ എന്തു ഭംഗിയാ.മഴവില്ല് മായുന്നതിനു മുൻപ് ഒരു ചിത്രം വരയ്ക്കാം"കിങ്ങിണി വിചാരിച്ചു.

"മഴതോരുമ്പോൾ മാനത്ത്
വിരിയും നല്ലൊരു മഴവില്ല്
മാനം നിറയും മഴവില്ല് "

കിങ്ങിണി പാട്ടും പാടി കടലാസും പെൻസിലും കൊണ്ടു വന്നു.എന്നിട്ട് വേഗം മഴവില്ല് നോക്കി വരച്ചു.പെട്ടെന്ന് മഴവില്ല് മാഞ്ഞു."അയ്യോ...! ചിത്രത്തിന് നിറം കൊടുക്കുന്നതിന് മുമ്പെ മഴവില്ല് മാഞ്ഞല്ലോ". കിങ്ങിണിക്ക് സങ്കടമായി അവൾ മഴവില്ലിന്റെ ചിത്രം മുറിയിലെ മേശപ്പുറത്തു കൊണ്ടുപോയി വെച്ചു , എന്നിട്ട് കടലാസിലെ നിറമില്ലാത്ത മഴവില്ലിനെ നോക്കി

കുറെ നേരം സങ്കടപ്പെട്ടിരുന്നു.വൈകാതെ അവൾ ഉറങ്ങിപ്പോയി. ഇതെല്ലാം മേശപ്പുറത്തിരുന്ന ഛായപെൻസിൽ കാണുന്നുണ്ടായിരുന്നു."നമുക്ക് ഈ പാവത്തെ സഹായിക്കണം" ചുവന്ന ഛായപെൻസിൽ കൂട്ടുകാരോട് പറഞ്ഞു. "ശരിയാ,ശരിയാ ഉറക്കമുണരുമ്പോൾ കിങ്ങിണി ശരിക്കും അത്ഭുതപ്പെടണം" പച്ച ഛായപെൻസിൽ കൂട്ടുകാരോട് പറഞ്ഞു."എങ്കിൽ വൈകിക്കേണ്ട, വേഗം വരൂ " ചുവന്ന ഛായപെൻസിൽ പറഞ്ഞു. അവരെല്ലാം വേഗം മേശപ്പുറത്ത് നിന്ന് താഴേക്ക് ചാടി. എന്നിട്ട് ഭിത്തിയിൽ ഒരു വലിയ മഴവില്ലിനെ വരച്ചു. രാവിലെ ഉണർന്ന കിങ്ങിണി മുറിയിലെ വലിയ മഴവില്ലിനെ കണ്ട് സന്തോഷം കൊണ്ട് തുള്ളിച്ചാടി. ഹയ്യടാ...!നല്ല ഉഗ്രൻ മഴവില്ല് അതു കണ്ടപ്പോൾ പെൻസിൽകുട്ടന്മാർക്കും സന്തോഷമായി. അവർ ചുറ്റും നൃത്തം വെച്ചുകൊണ്ടു ഉറക്കെപ്പാടി

"നിറങ്ങളേഴും ചേർന്ന്
തീർത്തേ നല്ലൊരു മഴവില്ല്
മഴ വന്നാലും മഴ പോയാലും
മായില്ലാത്തൊരു മഴവില്ല് "

മായാത്ത മഴവില്ല് സമ്മാനിച്ച പെൻസിൽകുട്ടന്മാർക്ക് കിങ്ങിണി യാത്ര പറഞ്ഞു.

-റിൻഷ ടി.പി

# കുഞ്ഞികോഴിയും കുക്കുടുത്താറാവും

ഒരു വീട്ടിൽ കുഞ്ഞി എന്ന് പേരുള്ള ഒരു കോഴിയുണ്ടായിരുന്നു. കുക്കുടു എന്ന താറാവായിരുന്നു അവളുടെ കൂട്ടുകാരി.ഒരു ദിവസം രണ്ടുപേരും വീട്ടുമുറ്റത്തുകൂടി തീറ്റതേടി നടക്കുകയായിരുന്നു. കുഞ്ഞികോഴി കാലുകൊണ്ട് ചിക്കിചികഞ്ഞതും കുറേ അരിയും മറ്റും കിട്ടി.അവൾ അതെല്ലാം കൊത്തിത്തിന്നു.അതുകണ്ട് കുക്കുടുത്താറാവും ചിക്കിചികയാൻ തുടങ്ങി.എന്നാൽ പരന്നിരിക്കുന്ന കാൽ പാദം കൊണ്ട് കുക്കുടുവിന് ചിക്കിചികയാനേ പറ്റിയില്ല.കുഞ്ഞിക്കോഴി ചിക്കിചികഞ്ഞ് അരിമണി തപ്പിയെടുത്ത് കൊത്തിത്തിന്നുന്നത് പാവം കുക്കുടു നോക്കി നിന്നു.കുഞ്ഞിയെപ്പോലെ ചിക്കിചികയാൻ കഴിഞ്ഞിരുന്നുവെങ്കിൽ!കുക്കുടു വിഷമത്തോടെ ഓർത്തു. അപ്പോൾ കുഞ്ഞിക്കോഴി പറഞ്ഞു. "ഏയ് കുക്കുടൂ നീ വിഷമിക്കേണ്ട നിന്നെ ഞാൻ സഹായിക്കാം".കുഞ്ഞിക്കോഴി ചിക്കിച്ചികഞ്ഞ് കുക്കുടുവിന് അരിയും മറ്റും എടുത്ത് കൊടുത്തു. കുക്കുടു അതെല്ലാം കൊത്തിത്തിന്നു.അപ്പോഴാണ് ഒരു കടിയൻ പൂച്ച അവിടേക്ക് പാഞ്ഞുവന്നത്."ഹയ്യോ!അവൻ നമ്മളെ പിടിക്കുമല്ലോ "കുഞ്ഞിക്കോഴി പേടിച്ച് പറഞ്ഞു.അപ്പോൾ കുക്കുടു പറഞ്ഞു. "ഏയ് കുഞ്ഞിക്കോഴി നീ പേടിക്കേണ്ട ഇവിടെ മറഞ്ഞിരുന്നോളൂ.അവന്റെ കാര്യം ഞാൻ നോക്കികോളാം". അതും പറഞ്ഞിട്ട് കുക്കുടു ഓടുന്നത് കണ്ട് പൂച്ച പിന്നാലെ ചെന്നു.തക്കത്തിന് കുഞ്ഞുകോഴി കുറ്റിക്കാട്ടിൽ ഒളിച്ചിരുന്നു.

ഓടിപ്പോയ കുക്കുട കുറെ ചെന്നതും ഒറ്റച്ചാട്ടം!

 പൂച്ചയും പിന്നാലെ ചാടി.ഒരു പുഴയിലേക്കാണ് കുക്കുട ചാടിയത്

നീന്താൻ കഴിവുള്ള കുക്കുട പുഴയിലൂടെ നീന്തിപ്പോയി. പിന്നാലെ ചാടിയ പൂച്ച വെള്ളത്തിൽ മുങ്ങിപ്പോയി.പൂച്ച ഒരു വിധത്തിൽ പുഴയിൽ നിന്ന് കരയ്ക്ക് കയറി.ചിക്കിചികയ്ക്കാൻ കഴിവില്ലെങ്കിലും പരന്ന കാൽ പാദങ്ങൾ ഉള്ളതുകൊണ്ടല്ലേ നീന്തി രക്ഷപ്പെടാൻ പറ്റിയത്!താറാവ് ഓർത്തു.കൂട്ടുക്കാരെ ഈ കഥയിലൂടെ നമ്മുക്ക് ഒരു ഗുണപാടം പടിക്കാം.' ദൈവം നമ്മുക്ക് തന്ന കഴിവുകൾ കൊണ്ട് തൃപ്തിപ്പെടണം'.

അഫ്ന.യു
5 B

# IT IS THE LITTLE THINGS THAT MAKE A BIG DIFFERENCE

There was a man taking a morning walk at the beach. He saw that along with the morning tide came hundreds of starfish and when the tide receded,they were left behind and with the morning sun rays, they would die.

The tide was fresh and the starfish were alive. The man took a few steps,picked one and threw it into the water .He did the repeatedly. Right behind him there was another person who couldn't understand what this man was doing.

He caught up with him and asked “what are you doing?There are hundreds of starfish .How many can you help?What difference does it make?”.

**This man did not reply took to more steps picked up another one,threw it into the water and said “It makes a difference to this starfish”.**

# അണയാത്ത തീ നാളങ്ങൾ

ഒരു യുദ്ധക്കളം അതല്ലെൻകിൽ ഒരു ചോരക്കളം കൈക്കളില്ലാത്ത കാലുകളില്ലാത്ത ചോരക്കളത്തിൽ കിടന്ന് ആർത്തിരമ്പുന്ന ഒരു കൂട്ടം ജനങ്ങൾ അതിനിടയിലേക്കാണ് മഹേഷ് എന്ന യുവാവ് ചെന്നെത്തുന്നത്. അങ്ങനെ അവൻ ഒന്നും അറിയാതെ ചുറ്റം നോക്കി അപ്പോഴാണ് അവൻ ആ രംഗം കണ്ടത് അതായത് ഒരു പിഞ്ചു കുഞ്ഞ് കൈകൾ പൊത്തി നിൽക്കുന്നു. അവന് ആ അവസ്ഥ കണ്ടുനിൽക്കാൻ സാധിച്ചില്ല അങ്ങനെ അവൻ ആ കുട്ടിയുടെ അടുത്തേക്ക് ഓടി. എന്നിട്ട് ആ കുഞ്ഞിനെ എടുത്ത് അവൻ അവന്റെ നെഞ്ചോടു ചേർത്തു. ആ കുഞ്ഞ് തേങ്ങി തേങ്ങി കരയുകയാണ്. അവന് എന്ത് ചെയ്യണം എന്നറിയാതെ ചിറകൊടിഞ്ഞ പക്ഷിയെ പോലെ അനങ്ങാതെ ആ കുഞ്ഞിനേയും പിടിച്ച് അൽപ്പ നേരം അവൻ ആ ചോരക്കളത്തിൽ നിന്നു. സത്യത്തിൽ അവൻ ഒരു ജോലിയുടെ ആവശ്യത്തിനാണ് അങ്ങോട്ട് വന്നത് എന്നാൽ അവിടത്തെ അവസ്ഥ കണ്ട് അവൻ എല്ലാം മറന്നു എന്ന് തന്നെ പറയാം . അല്പനേരത്തിനുശേഷം അവൻ എങ്ങോട്ട് എന്നില്ലാതെ ആ കുഞ്ഞിനേയും പിടിച്ച് റോഡരികിലൂടെ നടന്നു. അവിടെ കണ്ട അവസ്ഥ അവന്റെ കണ്ണിൽ നിന്നും മാഞ്ഞുപോയിയില്ല ...

അങ്ങനെ കുറച്ച് ദിവസങ്ങൾ കഴിഞ്ഞു . പക്ഷെ ആ കുഞ്ഞിനെ അന്വേഷിച്ച് ആരും അവന്റെ അടുത്തേക്ക് വന്നില്ല. അവൻ ആ കുഞ്ഞിനെ എന്ത് ചെയ്യണം എന്നറിയാതെ നിന്നു. ഈ കുഞ്ഞിനെ വല്ല അനാഥാലയത്തിൽ കൊണ്ടുവിട്ടാലോ എന്ന് അവൻ ചിന്തിച്ചു പക്ഷെ എന്തോ അങ്ങനെ ചെയ്യാൻ അവന്റെ മനസ്സ് സമ്മതിച്ചില്ല. അവസാനം മഹേഷ് ഒരു തീരുമാനത്തിലെത്തി. ആ കുഞ്ഞിനെ അവൻ തന്നെ വളർത്താൻ തീരുമാനിച്ചു. അങ്ങനെ തീരുമാനിക്കാൻ ഒരു കാരണം ഉണ്ടായിരുന്നു എന്തെന്നാൽ അവൻ വളർന്നത് ഒരു അനാഥാലയത്തിലായിരുന്നു. അതുകൊണ്ടാണ് അവൻ ആ കുഞ്ഞിനെ വളർത്താൻ തീരുമാനിച്ചത്. അവിടെ വീണ്ടും യുദ്ധങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു ഒരുപാട് പേർ മരണപെട്ടുകൊണ്ടിരുന്നു. അങ്ങനെ ഒരുപാട് കാലം കഴിഞ്ഞു ...

മഹേഷ് ആ കുഞ്ഞിന് ഒരു പേരിട്ടിരുന്നു ധീരവ് എന്നായിരുന്നു പേര്. അങ്ങനെ ധീരവ് വളർന്നു അതിനനുസരിച്ച് മഹേഷിന് പ്രായം കൂടിവന്നു. ധീരവിന്റെ വിചാരം മഹേഷ് തന്റെ അച്ഛനാണ് എന്നാണ്. മഹേഷ് അത് മാറ്റിപ്പറഞ്ഞതുമില്ല. അവർ രണ്ടുപേരും വളരെ അധികം സ്നേഹത്തോടെയാണ് ജീവിച്ചത്. മഹേഷിനു ഒരു ആഗ്രഹം ഉണ്ടായിരുന്നു എന്തെന്നാൽ ധീരവിനെ ഒരു രാജ്യസ്നേഹിയായ പട്ടാളക്കാരനാക്കാൻ. പക്ഷെ ധീരവിന് അതിനോട് വലിയ യോജിപ്പ് ഇല്ലായിരുന്നു എന്നാലും അവൻ തന്റെ അച്ഛന്റെ ആഗ്രഹം അല്ലെ എന്ന് വിചാരിച്ച് അതിന് സമ്മദിച്ചു. അങ്ങനെ അവൻ അതിനുള്ള തയ്യാറെടുപ്പിലായി. പട്ടാളക്കാരനാവാനുള്ള എല്ലാ ടെസ്റ്റിലും പാസായി ഒരു പട്ടാളക്കാരനായി ആ യൂണിഫോം അണിഞ്ഞ് ധീരവ് മഹേഷിന്റെ മുന്നിൽ ചെന്ന് നിന്നു. മഹേഷ് ഒരു ചാരുകസേരയിൽ കിടക്കുകയായിരുന്നു. ധിരവ് അച്ഛാ എന്ന് വിളിച്ചു പക്ഷെ മഹേഷ് വിളികേട്ടില്ല. അപ്പോൾ ധീരവ് ഉറക്കെ കരയാൻ തുടങ്ങി. മഹേഷിനെ ഹോസ്പിറ്റലിൽ എത്തിച്ചു. പക്ഷെ മഹേഷ് മരിച്ചിരുന്നു. അങ്ങനെ ശവസംസ്കാരം കഴിഞ്ഞ് വീട്ടിലെത്തിയ ധീരവ് ആലോചിച്ചു അച്ചന് ഒരു വട്ടം പോലും എന്നെ ഈ വേത്തിൽ കാണാൻ സാധിച്ചില്ലല്ലോ എന്ന് ആലോചിച്ച് അവൻ വിണ്ടും കരഞ്ഞു. എന്നാൽ ഒരിക്കലും ധീരവ് അറിഞ്ഞില്ല മഹേഷ് തന്റെ അച്ചൻ അല്ല എന്ന്. അങ്ങനെ ധീരവ് മഹേഷിന്റെ ഓർമകളെ അണയാത്ത തീ നാളം പോലെ സൂക്ഷിച്ചു വെച്ചു...

Misna.p
9A

# കലാം..കാലത്തിന്റെ കല


ആധുനിക ഭാരതം കണ്ട ഏറ്റവും മഹത്തായ വ്യക്തിത്വമേത് എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ഒരു ഭാരതീയനും ഏറെ ബുദ്ധിമുട്ടേണ്ടിവരില്ല.സ്വാതന്ത്ര്യ സമരത്തിൻെ തീച്ചൂളയിൽ വാർത്തെടുത്ത ഒരുപറ്റം മനുഷ്യസ്നേഹികളും മാനവിക മൂല്യങ്ങൾ മുറുകെ പിടിച്ചിരുന്നവരായ നേതാക്കൾക്കും ശേഷം ഇന്ത്യൻ ജനത ഇത്തരതിലൊരു പ്രഗത്ഭ വ്യക്തിത്വം എ.പി.ജെ.യില്ലാതെ മറ്റാരിലും കണ്ടിട്ടില്ല . ജനകീയനായ രാഷ്ട്രപതി,വിനയാന്വിതനായ ശാസ്ത്രജ്ഞൻ , പ്രഗത്ഭനായ സാഹിത്യകാരൻ, ഇന്ത്യയുടെ മിസൈൽ മനുഷ്യൻ തുടങ്ങി  വിശേഷണങ്ങൾ ചേർത്തുവായിക്കാൻ അദ്ദേഹത്തോടപ്പം ഒരുപാടുണ്ട്.അബുൽ പക്കീർ ജൈനൽ ആബിദീൻ അബ്ദുൽ കലാം എന്ന എ.പി.ജെ.ഭാരതീയ സമൂഹത്തിലും ആധുനിക കാലഘട്ടത്തിലും ചെലുത്തിയ സ്വാധീനം അത്ര വലുതാണ്.ഏതെങ്കിലും ഭാഗങ്ങളിൽ നിന്നുള്ള വിമർശനം ഏറ്റുവാങ്ങുക എന്നതുപോലും സംശയക്കേണ്ട അദ്ദേഹത്തിന്റെ സ്വാധീനം  ജനമനസ്സുകൾ ഏറ്റെടുക്കുംവിധം മുന്നേറാൻ അദ്ദേഹത്തിൽ ഉണ്ടായിരുന്ന പ്രത്യേകതകൾ അനർഘമാണ്.

വളരെ വ്യത്യസ്തമായിരുന്ന അബ്ദുൽ കലാമിന്റെ പ്രഭാഷണ ശൈലി. ലളിതമായ വാക്കുകളിലൂടെ മഹത്തായ വിവരങ്ങളായിരുന്ന കൈമാറിയിരുന്നത്. അഭിസംബോധനകൾക്കിടയിൽ അവതരിപ്പിക്കുന്ന സംശയങ്ങൾക്ക് ലളിതമായ രൂപത്തിൽ ഉദാഹരണസഹിതമായിരുന്ന മറുപടി നൽകിയിരുന്നത്.

പൈലറ്റാവാൻ കൊതിച്ച്,സാഹിത്യത്തെ ഏറെ പ്രണയിച്ച്,ഇന്ത്യൻ ബഹിരാകാശ സ്വപ്നങ്ങൾക്ക് നിറം പകർന്ന്,രാജ്യസുരക്ഷയുടെ മിസൈൽ സ്വപ്നങ്ങൾ സാക്ഷാത്കരിച്ച് ഇന്ത്യയുടെ പ്രഥമ പൗരനായി ലളിത ജീവിതം നയിച്ച്,വിദ്യാർത്ഥികളോട് സംവദിച്ച് മതിയാകാതെ കാലത്തിന്റെ അരങ്ങിൽ നിന്നും വിടവാങ്ങിയ ഡോ.എ.പി.ജെ.അബ്ദുൽ കലാം എന്ന ഏകാന്തപഥികന്റെ ജീവിതവഴികളിൽ ഇട്ടേച്ചുപോയ മഹത്തമായ മൂല്യങ്ങൾ നമ്മുക്കും പാഠമാക്കാം. അതിരുകളില്ലാതെ സ്വപ്നം കാണാം.

അനീസ് സി.എച്ച്
ഫിസിക്സ് അധ്യാപകൻ

# പ്രളയം



-MISNA.P

9A

"മൊഴി മിഴിവുള്ളതാകുമ്പോൾ

മിഴിയിലും മൊഴി വിരിയുന്നു"

നന്ദി.....

